മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

വെള്ളനാട് ബ്ലോക്ക്

വെള്ളനാട് പഞ്ചായത്ത്

വാർഡ്നമ്പർ : 8 പുനലാൽ

വെള്ളനാട് പഞ്ചായത്തിൽ പുനലാൽ വാർഡിൽ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റിന്റെ ഭാഗമായി നടത്തിയ ഫയൽ പരിശോധന, ഫീൽഡ് പരിശോധന ഡോർ ടു ഡോർ വെരിഫിക്കേഷൻ എന്നിവയുടെ റിപ്പോർട്ട്

പുനലാൽ വാർഡ് -അടിസ്ഥാന വിവരങ്ങൾ :

ആകെ വർക്കേഴ്സ്: 87

ആക്റ്റീവ് വർക്കർസ്: 70

100പണി ലഭിച്ചത്. 26

സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയ പദ്ധതികൾ :

2018ഒക്ടോബർ 1 മുതൽ 2019 മാർച്ച് 31 വരെ യുള്ള 5 പ്രവൃത്തികൾ

1.DP/267788

പുനലാൽ വാർഡിൽ ശ്രീജ aruvikkamoozhy എന്ന വ്യക്തിയുടെ വസ്തുവിൽ ചെടി നഴ്സറി നിർമ്മാണം

എസ്റ്റിമേറ്റ് തുക.300000

പ്രവർത്തി ആരംഭിച്ചത്.5.7.18

പ്രവർത്തി അവസാനിച്ചത്.1.8.18

ആകെ തൊഴിൽ ദിനങ്ങൾ.1030

ആകെ തൊഴിലാളികൾ.38

ആകെ ചിലവ്.285395

ഫയൽ പരിശോധന :

AMC പ്രകാരമുള്ള രേഖകളിൽ AS, TS, muster റോൾ, വേജ് ലിസ്റ്റ്, FTO എം ബുക്ക്, സൈറ്റ് ഡയറി എന്നിവ ഉണ്ടായിരുന്നു. As, TS എന്നിവയിൽ ഉദ്യോഗസ്ഥരുടെ ഒപ്പും സീലും ഉണ്ടായിരുന്നില്ല. Muster റോളിൽ തിരുത്തലുകൾ ഉണ്ട്. സൈറ്റ് ഡയറി പൂർണമായിരുന്നില്ല. ആയുധ വാടക,വിജിലൻസ് ആൻഡ് മോണിറ്ററിങ് പരിശോധയുടെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയിരുന്നില്ല

ഫീൽഡ് പരിശോധന :

ഫീൽഡിൽ കാണേണ്ടത്

3500 തൈകൾ

കണ്ടത് : 3500 ൽ അധികം ചെടികൾ നിർമ്മിച്ചതായി തൊഴിലാളികൾ പറയുന്നു.എല്ലാം നട്ടു പരിപാലിക്കാനായി കൊണ്ടുപോയതായി പറയുന്നു. അതിന്റെ രേഖകൾ ഒന്നും കാണാൻ കഴിഞ്ഞില്ല

ചെടി നഴ്സറിക്കാവശ്യമായ polythene bag, തണലിനുള്ള നെറ്റ് വളം എന്നിവ വാങ്ങിയ ഇനത്തിൽ ഓരോ തൊഴിലാളിക്കും 250 രൂപ വീതം ചെലവായിട്ടുണ്ട്.

2.IF/374185 പുനലാൽ വാർഡിൽ പൊന്നൂസ് എന്ന വ്യക്തിക്ക് ഫാം pond നിർമ്മാണം

എസ്റ്റിമേറ്റ് തുക.300000

പ്രവർത്തി ആരംഭിച്ചത്.29.11.18

പ്രവർത്തി അവസാനിച്ചത്.10.2.19

ആകെ തൊഴിൽദിനങ്ങൾ.908

ആകെ ചിലവ്.254504

ഫയൽ പരിശോധന :

AMC പ്രകാരമുള്ള രേഖകളിൽ AS, TS, muster റോൾ, വേജ് ലിസ്റ്റ്, FTO എം ബുക്ക്, സൈറ്റ് ഡയറി എന്നിവ ഉണ്ടായിരുന്നു. As, TS എന്നിവയിൽ ഉദ്യോഗസ്ഥരുടെ ഒപ്പും സീലും ഉണ്ടായിരുന്നില്ല. Muster റോളിൽ തിരുത്തലുകൾ ഉണ്ട്. ആയുധ വാടക,വിജിലൻസ് ആൻഡ് മോണിറ്ററിങ് പരിശോധയുടെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയിരുന്നില്ല

ഫീൽഡിൽ കാണേണ്ടത്

കുളം. 1

നീളം.22m

വീതി. 11m

ആഴം. 4 m

ഫീൽഡിൽ കണ്ടത്

22 നീളത്തിലും11 വീതിയിലും ഉള്ള കുളം കാണാൻ സാധിച്ചു. എന്നാൽ ഇപ്പോൾ ഒരാവശ്യത്തിന് ഉപയോഗിക്കാതെ വൃത്തിഹീനമായ നിലയിൽ ആണ് കുളം കാണാൻ സാധിച്ചത്. സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്

3.DP/274356

പുനലാൽ വാർഡിൽ കാനകുഴി പ്രദേശത്ത് ഖണ്ഡിക അഞ്ചിൽ പറയുന്ന കുടുംബങ്ങളുടെ ഭൂമിയിൽ ഫലവൃക്ഷതൈകൾ വച്ചു പിടിപ്പിക്കൽ പരിപാലനവും

എസ്റ്റിമേറ്റ് തുക. 300000

പ്രവർത്തി ആരംഭിച്ചത്. 25.1.19

പ്രവർത്തി അവസാനിച്ചത്. 21.3.19

ആകെ തൊഴിൽദിനങ്ങൾ. 880

ആകെ തൊഴിലാളികൾ. 40

ആകെ ചിലവ്. 247880

ഫയൽ പരിശോധന :

AMC പ്രകാരമുള്ള രേഖകളിൽ AS, TS, muster റോൾ, വേജ് ലിസ്റ്റ്, FTO എം ബുക്ക്, സൈറ്റ് ഡയറി എന്നിവ ഉണ്ടായിരുന്നു. As, TS എന്നിവയിൽ ഉദ്യോഗസ്ഥരുടെ ഒപ്പും സീലും ഉണ്ടായിരുന്നില്ല. Muster റോളിൽ തിരുത്തലുകൾ ഉണ്ട്. ആയുധ വാടക,വിജിലൻസ് ആൻഡ് മോണിറ്ററിങ് പരിശോധയുടെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയിരുന്നില്ല

ഫീൽഡിൽ കാണേണ്ടത്

1. മഴക്കുഴി: 50 എണ്ണംനീളം 2 മീറ്റർ വീതി 2 മീറ്റർ താഴ്ച്ച ഒരു മീറ്റർ

2. കോണ്ടൂർ ബണ്ട്. 80 എണ്ണം

നീളം 25 മീറ്റർ വീതി 0.45 മീറ്റർ വീതി 0.6 മീറ്റർ

3.സ്മാൾ pit. 250 എണ്ണം നീളം വീതി താഴ്ച. 0.6 മീറ്റർ

ഫീൽഡിൽ കണ്ടത്

1. കൃത്യമായ അളവുകളിൽ ഉള്ള 50 മഴക്കുഴികൾ ഉം കാണാൻ സാധിച്ചു
2. കോണ്ടൂർ ബണ്ട് 29 എണ്ണം കാണാൻ സാധിച്ചു
3. നല്ല രീതിയിൽ പരിപാലിക്കുന്ന 86 ഫലവൃക്ഷതൈകൾ കാണാൻ സാധിച്ചു

സ്മാൾ പിറ്റുകളിൽ വൃക്ഷതൈകൾ നട്ടതായാണ് കണ്ടത്.

51 കോണ്ടൂർ ബണ്ട്, 164 സ്മാൾ പിറ്റ് എന്നിവ കാണാൻ കഴിഞ്ഞില്ല. ഇതിനായി ചെലവാക്കിയ തുക നഷ്ടമാണ്. സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിരുന്നില്ല

4.IF/340057

പുനലാൽ വാർഡിൽ BPL, sc, st, IAY വികലാംഗർ വിധവകൾ എന്നിവർക്ക് കാർഷിക ആവശ്യത്തിന് കുളം നിർമ്മാണം

എസ്റ്റിമേറ്റ് തുക.300000

പ്രവർത്തി ആരംഭിച്ചത്.4/9/18

പ്രവർത്തി അവസാനിച്ചത്.10/9/18

തൊഴിൽ ദിനങ്ങൾ.292

ആകെ തൊഴിലാളികൾ.86 ആകെ ചിലവ്.85592

ഫയൽ പരിശോധന :

AMC പ്രകാരമുള്ള രേഖകളിൽ AS, TS, muster റോൾ, വേജ് ലിസ്റ്റ്, FTO എം ബുക്ക്, സൈറ്റ് ഡയറി എന്നിവ ഉണ്ടായിരുന്നു. As, TS എന്നിവയിൽ ഉദ്യോഗസ്ഥരുടെ ഒപ്പും സീലും ഉണ്ടായിരുന്നില്ല. Muster റോളിൽ തിരുത്തലുകൾ ഉണ്ട്. ആയുധ വാടക,വിജിലൻസ് ആൻഡ് മോണിറ്ററിങ് പരിശോധയുടെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയിരുന്നില്ല

ഫീൽഡിൽ കാണേണ്ടത്

8 നീളവും5m വീതിയും ഉള്ള രണ്ട് കുളങ്ങൾ

ഫീൽഡിൽ കണ്ടത്

1. രാജൻ എന്ന വ്യക്തിയുടെ പുരയിടത്തിൽ 7 മീറ്റർ നീളവും 5 മീറ്റർ വീതിയുമുള്ള കാർഷികാവശ്യത്തിന് ഉപയോഗിക്കുന്ന ഒരു കുളം കാണാൻ സാധിച്ചു

2. മൈക്കിൾ എന്ന വ്യക്തിയുടെ പുരയിടത്തിൽ ആറര മീറ്റർ നീളത്തിലും നാലര മീറ്റർ വീതിയിലുള്ള കുളം കാണാൻ സാധിച്ചു

5.IF /369310

പുനലാൽ വാർഡിൽ അഞ്ച് കാർഷിക കുടുംബങ്ങൾക്ക് ഫാം പോണ്ട് നിർമ്മാണം

എസ്റ്റിമേറ്റ് തുക.300000

പ്രവർത്തി ആരംഭിച്ചത്.20/12/18

പ്രവർത്തി അവസാനിച്ചത്.13.1.19

ആകെ തൊഴിൽ ദിനങ്ങൾ.746

ആകെ ചിലവ്.210896

AMC പ്രകാരമുള്ള രേഖകളിൽ AS, TS, muster റോൾ, വേജ് ലിസ്റ്റ്, FTO എം ബുക്ക്, സൈറ്റ് ഡയറി എന്നിവ ഉണ്ടായിരുന്നു. As, TS എന്നിവയിൽ ഉദ്യോഗസ്ഥരുടെ ഒപ്പും സീലും ഉണ്ടായിരുന്നില്ല. Muster റോളിൽ തിരുത്തലുകൾ ഉണ്ട്. ആയുധ വാടക,വിജിലൻസ് ആൻഡ് മോണിറ്ററിങ് പരിശോധയുടെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയിരുന്നില്ല

ഫീൽഡിൽ കാണേണ്ടത്

8 മീറ്റർ നീളത്തിലും 5 മീറ്റർ വീതിയിലുള്ള 5 കുളങ്ങൾ.

ഫീൽഡിൽ കണ്ടത്

1. സത്യനേശൻ എന്ന വ്യക്തിയുടെ പുരയിടത്തിൽ ഏഴര മീറ്റർ നീളത്തിലും ഏഴര മീറ്റർ വീതിയിലുള്ള കാർഷികാവശ്യത്തിന് ഉപയോഗിക്കുന്ന കുളം കാണാൻ സാധിച്ചു

2. രാജൻ എന്ന വ്യക്തിയുടെ പുരയിടത്തിൽ 10 മീറ്റർ നീളത്തിലും 7 മീറ്റർ വീതിയും ഉള്ള കുളം കണ്ടു കാർഷിക ആവശ്യത്തിന് ഉപയോഗിക്കുന്നു

3. അനിൽകുമാർ എന്ന വ്യക്തിയുടെ പുരയിടത്തിൽ 9 മീറ്റർ നീളത്തിലും 5 മീറ്റർ വീതിയിലുള്ള കാർഷികാവശ്യത്തിന് ഉപയോഗിക്കുന്ന കുളം കണ്ടു

4. നൂർജഹാൻ എന്ന വ്യക്തിയുടെ പുരയിടത്തിൽ ഏഴര മീറ്റർ നീളത്തിലും നാല് മീറ്റർ വീതിയിലുള്ള ഉപയോഗശൂന്യമായ കുളം കണ്ടു

5. രതീഷ് എന്ന വ്യക്തിയുടെ പുരയിടത്തിൽ ഏഴര മീറ്റർ നീളത്തിലും 5 മീറ്റർ വീതിയിലുള്ള കാർഷികാവശ്യത്തിന് ഉപയോഗിക്കുന്ന കുളം കാണാൻ സാധിച്ചു

സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഇല്ലായിരുന്നു

പരിശോധിച്ച ഫയലുകളിൽ ഒന്നിലും തന്നെ നിയമ പ്രകാരമുള്ള രേഖകൾ എല്ലാം ഉണ്ടായിരുന്നില്ല. ഭൂവുടമകളെ സംബന്ധിക്കുന്ന രേഖകൾ ഒന്നും തന്നെ ഫയലിൽ ഉണ്ടായിരുന്നില്ല

❋ഡോർ ടു ഡോർ വെരിഫിക്കേഷൻ

തൊഴിൽ കാർഡിൽ ഫോട്ടോ തൊഴിലാളികൾ സ്വന്തമായി എടുത്ത് നൽകി

ടാർപോളിൻ കീറിയ നിലയിലാണ്.ഫസ്റ്റ് എയ്ഡ് ബോക്സിൽ ലഭിച്ചിട്ടില്ല.

പരിശോധനയ്ക്ക് ആരും സൈറ്റിൽ വരാറില്ല

തൊഴിൽ കാർഡ് നമ്പർ 008/11 ഉഷ കുമാരി എന്ന തൊഴിലാളിക്ക് സൈറ്റിൽ വെച്ച് അപകടം സംഭവിച്ചു ബില്ലുകൾ എല്ലാം തന്നെ പഞ്ചായത്തിൽ കൊടുത്തെങ്കിലും നഷ്ടപരിഹാരം പഞ്ചായത്തിൽ നിന്നും നൽകിയിട്ടില്ല.

ബൂട്ട് ഗ്ലൗസ് ഇവ ഇല്ല

നഴ്സറി നിർമ്മിച്ച സമയത്ത് പോളി ബാഗ് തൊഴിലാളികൾ സ്വന്തം പണത്തിന് ആണ് വാങ്ങിയത് ബില്ലുകൾ പഞ്ചായത്ത് ഏൽപ്പിച്ച എങ്കിലും ഇതുവരെ അതിനുള്ള തുക പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടില്ല

ഗ്രാമസഭ റിപ്പോർട്ട്

വെള്ളനാട് പഞ്ചായത്തിലെ   പുനലാൽ വാർഡിൽ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ നവംബർ മാസം മുപ്പതാം തീയതി പുനലാൽ സിഎസ്ഐ ചർച്ച് ഹാളിൽ വച്ച് കൂടുകയുണ്ടായി. രണ്ട് മണിക്ക് നിശ്ചയിച്ച ഗ്രാമസഭ രണ്ടര ആയപ്പോൾ ആണ് തുടങ്ങിയത്. വാർഡ് മെമ്പർ തൊഴിലുറപ്പ്AE എന്നിവർ പങ്കെടുത്തു . അധ്യക്ഷയായി തൊഴിലാളിയായ ചെറുപുഷ്പ ത്തെയും തിരഞ്ഞെടുത്തു. ഈശ്വര പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. അതിനുശേഷം വി ആർ പി ധനുഷ് പ്രിയ പ്രതിജ്ഞ ചൊല്ലി. വാർഡ് മെമ്പർ എല്ലാവരെയും സ്വാഗതം ചെയ്തു. തുടർന്ന് വിആർപി അഖില റിപ്പോർട്ട് അവതരിപ്പിച്ചു. അതിനുശേഷം റിപ്പോർട്ടിന്മേലുള്ള ചർച്ച നടന്നു. തൊഴിലാളികളുടെ സംശയങ്ങൾക്ക് AE മറുപടി നൽകി.

ചർച്ച :

ആവശ്യപ്പെടുന്ന തൊഴിലാളുകൾക്ക് കൃത്യമായി 100 തൊഴിൽ ദിനങ്ങൾ നൽകണം

പണിസ്ഥലത്ത് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കണം.

തൊഴിലുമായി ബന്ധപ്പെട്ട് ചെലവായ തുക തിരികെ ലഭിക്കണം

തൊഴിൽ ആവശ്യപ്പടാനുള്ള അവസരം ലഭ്യമാകുന്നില്ല

AE നൽകിയ മറുപടികൾ/തീരുമാനങ്ങൾ :

1. ടാർപോളിൻ കീറിയതായി പഞ്ചായത്തിൽ അറിയിച്ചില്ല. ഉടൻ തന്നെ പുതിയ ടാർപോളിൻ മാറ്റു വഴി വഴി സൈറ്റിൽ എത്തിക്കും.

2. പഞ്ചായത്തിൽ ഫസ്റ്റ് എയ്ഡ് ബോക്സ് ലഭ്യമാണ് എന്നാൽ മാറ്റ് അത് വാങ്ങാത്ത

താണ്.

3. ഗ്ലൗസ് ബൂട്ട്എന്നിവ നൽകിയിരുന്നതാണ് എന്നാൽ തൊഴിലാളികൾ ഉപയോഗിക്കാതെ നശിച്ചു പോയതാണ്.

4. ജോബ് കാർഡിൽ ഒ ട്ടിക്കേണ്ട ടഫോട്ടോ പഞ്ചായത്തിൽ നിന്നാണ് എടുത്ത് തരേണ്ടത് എന്ന് പഞ്ചായത്തിൽ ഇതുവരെ ഒരു അറിയിപ്പ് ലഭിച്ചിട്ടില്ല.

5. ഉഷ കുമാരി എന്ന തൊഴിലാളി ശരിയായ ബില്ലുകൾ അല്ല ഹാജരാക്കിയത് അതിനാലാണ് നഷ്ടപരിഹാരം ലഭിക്കാതിരുന്നത്.

6. പോളി ബാഗിന് പണം ഇതുവരെയുംഫണ്ട് ലഭിച്ചിട്ടില്ല. ലഭിച്ചാൽ ഉടൻ തന്നെ അത് തൊഴിലാളികൾക്ക് നൽകും.

7.ആവശ്യപ്പെടുന്നവർക്കെല്ലാം 100 തൊഴിൽ ദിനങ്ങൾ നൽകാൻ ശ്രമിക്കും. തൊഴിൽ കണ്ടെത്താനുള്ള നിർദ്ദേശങ്ങൾ തൊഴിലാളികളുടെ ഭാഗത്തുനിന്നും ഉണ്ടാകണം

8. സിറ്റിസൺ ഇൻഫർമേഷൻ എല്ലാ സൈറ്റുകളിലും വയ്ക്കാനുള്ള നടപടി എടുക്കും

തുടർന്ന് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭയോഗം കയ്യടിച്ചു അംഗീകരിച്ചു

തയ്യാറാക്കിയത് :

Vrp നീതു. M, വിചിത്ര, അഖില

വെള്ളനാട് പഞ്ചായത്ത്